DESPATCHED
On 11/06/2020

17/3/20

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.1578(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.11229/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.എസ്.ചന്ദ്രൻ
എസ്.സി ഭവൻ
കള്ളിമൂട്,
മണ്ണാംകോണം പി.ഒ
തിരുവനന്തപുരം–695 125 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
എക്സൈസ് റേഞ്ച് ഓഫീസ്
നെയ്യാറ്റിൻകര, തിരുവനന്തപുരം
2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
എക്സൈസ് ഇന്റലിജൻസ് ആന്റ്
ഇൻവെസ്റ്റിഗേഷൻ ബ്യൂറോ
തിരുവനന്തപുരം
3. അപ്പീൽ അധികാരി
എക്സൈസ് കമ്മീഷണർ
എക്സൈസ് കമ്മീഷണറുടെ കാര്യാലയം
നന്ദാവനം,തിരുവനന്തപുരം } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.03.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.04.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 17.04.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 01.07.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 02.07.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03.09.2019,14.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 04.10.2019, 28.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.11.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനും മറുപടി ലഭ്യമായില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 15.03.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ നെയ്യാറ്റിൻകര എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വൈ.ഷിബുവിന്റെയും, നെയ്യാറ്റിൻകര എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിൽ ജോലി ചെയ്യുന്ന സിവിൽ എക്സൈസ് ഓഫീസർ എം.വിശാഖ്, നെയ്യാറ്റിൻകര എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിൽ ജോലി ചെയ്യുന്ന കെ.ഷാജു എന്നീ വ്യക്തികളുടെ ജനന ത്തീയതി, വിദ്യാഭ്യാസ യോഗ്യത, സർവ്വീസിൽ പ്രവേശിച്ച തസ്തിക എന്നു തുടങ്ങി ടിയാന്മാരെ സംബന്ധിക്കുന്ന വിവരങ്ങൾ 3 ഇനങ്ങളിലായി ആവശ്യപ്പെടുകയും, 4,5 ഇന ങ്ങളിലായി മറ്റു രണ്ട് വിവരങ്ങളുമാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 20.04.2019 ൽ നൽകിയ മറുപടിയിൽ അപേ ക്ഷയിൽ പരാമർശിച്ചിരിക്കുന്ന സിവിൽ എക്സൈസ് ഓഫീസർ ശ്രീ.എം വിശാഖ് നെയ്യാറ്റിൻകര എക്സൈസ് റെയിഞ്ച് ഓഫീസിലും, പ്രിവന്റീവ് ഓഫീസർ ശ്രീ.കെ ഷാജു തിരുവനന്തപുരം എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ യിലും ജോലി ചെയ്തു വരുന്നതിനാൽ അപേക്ഷയിലെ 2,3 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ഹർജിക്കാരനു നേരിട്ട് ലഭ്യമാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട വകുപ്പുകളി ലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നാണ് അറിയിച്ചത്. 17.04.2019 ന് ടി മറുപടി തൃപ്തിക രമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ അപ്പീൽ നൽകി.

4. ഹർജിക്കാരൻ 28.11.2019 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടവയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഷിബുവിനെ സംബന്ധിച്ച് നൽകാവുന്ന വിവര ങ്ങൾ നൽകിയെന്നും, എം.വിശാഖ്, കെ. ഷാജു എന്നീ ഉദ്യോഗസ്ഥരെ സംബന്ധിക്കുന്ന വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ഡിവിഷണൽ ഓഫീ സിലേയ്ക്കും, ഡിവിഷണൽ ഓഫീസിൽ നിന്നും ടിയാൻമാർ ജോലി ചെയ്തുവരുന്ന നെയ്യാറ്റിൻകര റെയിഞ്ചാഫീസിലേയ്ക്കും, തിരുവനന്തപുരം എക്സൈസ് ഇന്റലി ജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയിലേയ്ക്കും അയച്ചുനൽകിയെന്നും വ്യക്തി

കളുടെ സ്വകാര്യ വിവരങ്ങളിൽ പൊതുതാൽപര്യം ഇല്ലാത്തതിനാൽ വിവരാവകാശ നിയമം 8(1) പ്രകാരം വിവരങ്ങൾ നൽകിയിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷികളെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക്  സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ നൽകിയതായി കാണുന്നതിനാൽ മറ്റു വ്യക്തിപരമായ മറുപടി നൽകേണ്ടതില്ല എന്നു കമ്മീഷൻ നിർദ്ദേശിക്കുകയും,  ടി പരാതിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 2020 മാർച്ച് 17–ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

res